# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3866 — 24.06.2014-ൽ മറുപടിക്ക്

### ഗൃഹശ്രീ ഭവന പദ്ധതിയിൽ സ്പോൺസർമാർ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. റ്റി. എ. റഹീം: | | ശ്രീ. കെ. എം. മാണി (ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | ഗൃഹശ്രീ ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി ഇതുവരെയായി എത്ര വീടുകൾക്ക് ധനസഹായം ലഭ്യമാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | ഗൃഹശ്രീ ഭവന പദ്ധതി പ്രകാരം സ്പോൺസർഷിപ്പ് ലഭിച്ച 525 പേരിൽ 297 പേരാണ് ഗുണഭോക്തൃവിഹിതം ബോർഡിൽ ഒടുക്കിയിട്ടുള്ളത്. ബോർഡ് നിഷ്കർഷിച്ചിട്ടുള്ള അർഹതാ മാനദണ്ഡം പരിശോധിച്ച് ടി പദ്ധതിയ്ക്കായി നിഷ്കർഷിച്ചിട്ടുള്ള രേഖകൾ പരിശോധനയ്ക്ക് സമർപ്പിക്കുന്ന മുറയ്ക്ക് നിർമ്മാണ പുരോഗതി വിലയിരുത്തി ബോർഡിൽ നിന്നും ഗഡുക്കൾ അനുവദിച്ചു വരുന്നു. ഇപ്രകാരം 281 പേർക്ക് ഒന്നാം ഗഡുവും, 124 പേർക്ക് രണ്ടാം ഗഡുവും, 35 പേർക്ക് മൂന്നാം ഗഡുവും, 6 പേർക്ക് നാലാം ഗഡുവും നൽകിയിട്ടുണ്ട്. |
| ബി) | ഈ പദ്ധതി പ്രകാരം ധനസഹായം ലഭ്യമാക്കിയ വീടുകൾക്ക് സ്പോൺസർമാരായി എത്ര പേർ വിഹിതം നൽകിയെന്നും, ഇവർ ആരെല്ലാമാണെന്നും ഓരോരുത്തരും എത്ര വീടുകൾ വീതമാണ് സ്പോൺസർ ചെയ്തതെന്നും വ്യക്തമാക്കാമോ? | (ബി) | ഈ പദ്ധതി പ്രകാരം ധന സഹായം ലഭിക്കുന്ന 525 വീടുകൾക്ക് സ്പോൺസർഷിപ്പ് തുക ഒടുക്കിയ സംഘടനകൾ/എൻ.ജി.ഒ/കാരുണ്യ വാന്മാരായ വ്യക്തികൾ എന്നിവരെ സംബന്ധിക്കുന്ന വിവരവും ഇവർ എത്ര വീടുകൾ വീതമാണ് സ്പോൺസർ ചെയ്തത് എന്നത് സംബന്ധിച്ച വിശദാംശവും അനുബന്ധമായി ചേർത്തിരിക്കുന്നു. |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ